പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3077 — 13.03.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം ഷോപ്പിംഗ് കോംപ്ലക്സ്

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ മന്ത്രി) |
|---|---|
| പാലക്കാട് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ? | പാലക്കാട് കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് രണ്ട് ഘട്ടങ്ങളിലായി നിർമ്മിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഒന്നാം ഘട്ടത്തിൽ കെ.എസ്.ആർ.ടി.സി വക ഫണ്ടും, പലിശ രഹിത നിക്ഷേപത്താലും ബിൽഡിംഗിന്റെ സിവിൽ പണികൾക്ക് മാത്രം 5.85 കോടി രൂപ ചെലവിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്, ആയതിലേയ്ക്ക് ടെൻഡർ ക്ഷണിച്ച് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 4% അധികരിച്ച തുക രേഖപ്പെടുത്തിയ M/s.Perfect Engineers-നെ തെരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായി ബന്ധപ്പെട്ട് കോടതി ഉത്തരവ് നിലനിന്നതിനാൽ പ്രസ്തുത കെട്ടിടം പൊളിച്ചു നീക്കി കരാറുകാരന് കൈമാറുന്നതിന് സാധിച്ചില്ല. ആയതിനാൽ പ്രസ്തുത നിർമ്മാണ പ്രവൃത്തിയിൽ നിന്നും കരാറുകാരൻ പിൻമാറുകയും ചെയ്തു. രണ്ടാം ഘട്ടം എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 2.10 കോടി രൂപ ചെലവിൽ പൂർത്തീകരിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. ഇത് കൂടാതെ കെട്ടിടത്തിന്റെ പൂർത്തീകരണത്തിന് വേണ്ടിയുള്ള അനുബന്ധ പ്രവൃത്തികളായ ഇലക്ട്രിക്കൽ, Fire fitting, Sewage Treatment Plant, യാർഡ് എന്നിവ കൂടി പൂർത്തീകരിക്കുണമെങ്കിൽ വീണ്ടും ഉദ്ദേശം 2 കോടി രൂപ കൂടി ആവശ്യമായി വരും. ഒന്നാം ഘട്ടവും, രണ്ടാം ഘട്ട പ്രവൃത്തികളും ഒരുമിച്ച് മാത്രമേ നിർമ്മാണ പ്രവൃത്തി തുടങ്ങുന്നതിന് കഴിയുകയുള്ളൂ. ഒന്നാം ഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി റീ ഇ-ടെൻഡർ നടപടികളും രണ്ടാംഘട്ട പ്രവൃത്തിയ്ക്കായി ഇ-ടെൻഡർ നടപടികളും നടത്തിയിരുന്നെങ്കിലും കെ.എസ്.ആർ.ടി.സിയുടെ ഇപ്പോഴത്തെ സാമ്പത്തിക പരിമിതി കാരണം ഇപ്പോൾ പ്രവൃത്തി തുടങ്ങുന്നതിന് സാധിക്കില്ല. |

സെക്ഷൻ ഓഫീസർ